# അഖണ്ഡജപമാല സമർപ്പണം 2026

*സർക്കുലർ 12/2026*

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

നമ്മുടെ രൂപതയുടെ ആത്മീയനവീകരണ കേന്ദ്രമായ ബഥാനിയായിൽ ഇരുപത്തിയഞ്ചു വർഷമായി മുടങ്ങാതെ നടക്കുന്ന ആത്മീയ ശുശ്രൂഷയാണ് അഖണ്ഡജപമാല സമർപ്പണം. ദിവ്യകാരുണ്യ ഈശോയുടെ മുൻപിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ലോകം മുഴുവനുംവേണ്ടി പ്രാർഥിക്കുന്ന വിശ്വാസത്തിന്റെയും, മാനസാന്തരത്തിന്റെയും, അഭിഷേകത്തിന്റെയും അനുഗ്രഹത്തിന്റെയും ദിനങ്ങളാണവ. ഈ വർഷം, ജൂലൈ 16 വ്യാഴാഴ്ച ആരംഭിച്ച് ഒക്ടോബർ 24 ശനിയാഴ്ച സമാപിക്കുന്ന വിധത്തിലാണ് അനുഗ്രഹശുശ്രൂഷയായ അഖണ്ഡജപമാല സമർപ്പണം ക്രമീകരിച്ചിരിക്കുന്നത്. 101 ദിനരാത്രങ്ങളുടെ ദൈർഘ്യമുള്ള പ്രാർഥനയജ്ഞത്തിലൂടെ നമുക്കും രൂപതയ്ക്കും ലോകം മുഴുവനും അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി പ്രാർഥിക്കാം.

ഒരായുസ്സു മുഴുവൻ ദൈവേഷ്ടത്തിനു മുമ്പിൽ വ്യയം ചെയ്ത പരിശുദ്ധ അമ്മ വ്യാകുലങ്ങളുടെ മഹാസമുദ്രത്തിൽ തകർന്നടിഞ്ഞില്ല. കർത്താവരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവളാണ് ഭാഗ്യവതിയായ മറിയം. ബേത്‌ലെഹെമിലും നസ്രത്തിലും അനുഷ്ഠിച്ച മാതൃത്വത്തിന്റെ കർത്തവ്യങ്ങൾ മാത്രമല്ല അവളെ ഭാഗ്യവതിയാക്കിയത്. അവിടം കൊണ്ടവസാനിക്കാതെ വചനത്തിന്റെ പുറകെ കാൽവരിവരെയെത്തി മെഴുകുതിരി പോലെ തെളിഞ്ഞുരുകിയതാണ് അവളുടെ മഹാഭാഗ്യത്തിനു കാരണം. രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ചു കൊണ്ട് ജീവിതത്തിന് നന്മകൾ മാത്രം നേരുന്ന, അമ്മയുടെ കാലടികളെ പിന്തുടരാനും മാധ്യസ്ഥ്യം തേടാനുമുള്ള അവസരമാണ് ഇടമുറിയാതെ പ്രാർഥനയൊഴുകുന്ന ബഥാനിയായിലെ അഖണ്ഡജപമാല സമർപ്പണം.

ജപമാല റാണിയെന്ന് പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെത്തന്നെ വിശേഷിപ്പിക്കുന്നുണ്ട്. ജപമാല ചൊല്ലി പ്രാർഥിക്കുമ്പോൾ പരിശുദ്ധ അമ്മയുടെ പ്രത്യേക സംരക്ഷണവും വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപയും നമുക്ക് ലഭിക്കുന്നു. ജപമാല വെറുമൊരു ബാഹ്യപ്രാർഥനയല്ല, പരിശുദ്ധ അമ്മയോടൊപ്പം ഈശോയുടെ മുഖം ധ്യാനിക്കുന്ന ആഴമേറിയ ക്രിസ്തുകേന്ദ്രീകൃത പ്രാർഥനയാണെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. ലോകസമാധാനത്തിനു ഭീഷണിയായ യുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും നമ്മെ അസ്വസ്ഥപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ സമാധാന രാജ്ഞിയായ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് ആവശ്യമാണ്. കുടുംബബന്ധങ്ങളിലും കുഞ്ഞുങ്ങളിലും യുവജനങ്ങളിലും, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മേഖലയിൽ നാമറിയാതെ നുഴഞ്ഞുകയറുന്ന അപകടങ്ങൾ മനസ്സിലാക്കാനും അവയെ തരണം ചെയ്യാനും പരിശുദ്ധ അമ്മയോടു ചേർന്നു നിന്നാൽ നമുക്ക് കൃപ ലഭിക്കും.

'ഇതാ നിന്റെ അമ്മ' (യോഹ 19,27) എന്ന ക്രിസ്തുവചനത്തിൽ ആശ്രയിച്ചുകൊണ്ട്, സഭയും മാനവരാശിയും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിൽ പ്രത്യാശയർപ്പിക്കേണ്ട കാലഘട്ടമാണിതെന്നു നിരവധി വിശുദ്ധർ ആവശ്യപ്പെടുന്നുണ്ട്. 'ഈ കാലഘട്ടത്തിലെ ലോകത്തിന്റെ എല്ലാ തിന്മകൾക്കും എതിരായുള്ള ആയുധം ജപമാലയാണ്. എപ്പോഴും ജപമാല കൈകളിൽ കരുതുക, കാരണം അത് സാത്താനെ തുരത്താൻ പോന്ന ശക്തമായ ആയുധമാണെന്ന്' വി.പാദ്രേ പിയോ സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധ അമ്മയുടെ ഭക്തയായ കൊച്ചുത്രേസ്യ പുണ്യവതി നമ്മെ ഓർമിപ്പിക്കുന്നത് ഇപ്രകാരമാണ്, 'ഞാൻ ജപമാല ചൊല്ലുമ്പോൾ പരിശുദ്ധ അമ്മ എന്നെ നോക്കി പുഞ്ചിരിക്കുന്നതായും, എന്റെ ഓരോ പ്രാർഥനയും ഈശോയുടെ പക്കലേക്ക് എത്തിക്കുന്നതായും ഞാൻ ആത്മീയമായി അനുഭവിക്കുന്നു'. കൊൽക്കത്തയിലെ വി. മദർ തെരേസ പ്രത്യാശയോടെ പങ്കുവയ്ക്കുന്നു: 'നിങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും സ്നേഹവും നിലനിൽക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ഒന്നിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർഥിക്കുക. ഒന്നിച്ചു പ്രാർഥിക്കുന്ന കുടുംബം എന്നും ഒന്നിച്ചു നിലനിൽക്കും'. കുടുംബത്തിന്റെയും സഭ

യുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളുമായി ആത്മീയഭിഷേക ദിനങ്ങളായ അഖണ്ഡജപമാല യജ്ഞത്തിലൂടെ നമുക്ക് പരിശുദ്ധ മറിയത്തിന്റെ സഹായം തേടി, അനുഗ്രഹങ്ങൾ സ്വീകരിക്കാം.

ബഥാനിയായിലെ അഖണ്ഡ ജപമാലയർപ്പണത്തിന്റെ 101 ദിനരാത്രങ്ങളിൽ പ്രത്യേക നിയോഗങ്ങളായി നാം സമർപ്പിക്കുന്നത് ലോക സമാധാനവും കുടുംബ വിശുദ്ധീകരണവുമാണ്. 'സമാധാനത്തിന്റെ രാജ്ഞി' എന്നു വിശേഷിപ്പിക്കപ്പെടുന്ന പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം ആത്മാർഥമായി അന്വേഷിക്കുന്നവർ, യുദ്ധങ്ങളുടെയും വർഗീയതയുടെയും രാഷ്ട്രീയ അരാജകത്വത്തിന്റെയും ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ കരുണ, സമാധാനവും നീതിയുമായി ലോകത്തെ ആശ്ലേഷിക്കുന്നത് സാക്ഷ്യപ്പെടുത്തും. കുടുംബങ്ങളുടെ കെട്ടുറപ്പും വിശ്വാസ്യതയും ശക്തിപ്പെടുത്താൻ, ഇന്ന് ഓരോ കുടുംബവും വിശുദ്ധീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. തിരുകുടുംബത്തിന്റെ നാഥയായ പരിശുദ്ധ അമ്മ, ശിഥിലമാക്കപ്പെട്ട കുടുംബ ബന്ധങ്ങളുടെ നവീകരണത്തിനും നഷ്ടപ്പെട്ടുപോയ വിശുദ്ധിയുടെ വീണ്ടെടുപ്പിനും നമ്മെ സഹായിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ഒരു കുടുംബം എന്ന നിലയിൽ നമ്മുടെ രൂപതയ്ക്ക് ദൈവാനുഗ്രഹത്തിന്റെ അവസരമാണ് അഖണ്ഡ ജപമാലയുടെ ദിവസങ്ങൾ. രൂപത മുഴുവനും വേണ്ടി ഈ വർഷത്തിൽ നമുക്ക് പ്രാർഥനയുടെ കരങ്ങൾ ഉയർത്താം. കഴിഞ്ഞ വർഷങ്ങളിലേതു പോലെ ഈ വർഷവും നമ്മുടെ എല്ലാ ഇടവകകളുടെയും സജീവ പങ്കാളിത്തം അഖണ്ഡ ജപമാല സമർപ്പണത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. കുടുംബ കൂട്ടായ്മകൾ, ഭക്തസംഘടനകൾ, വിവിധ ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരമാവധി ആളുകൾ ജപമാലയുടെ ദിവസങ്ങളിൽ ബഥാനിയായിൽ എത്തിച്ചേരുമല്ലോ. നമ്മുടെ രൂപതയിലെ എല്ലാ കുടുംബങ്ങളെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേൽപ്പിച്ച് ബഥാനിയായിലെത്തി ഒരു ജപമാലയെങ്കിലും ചൊല്ലി പ്രാർഥിക്കാൻ നിങ്ങളെല്ലാവരും ശ്രദ്ധിക്കണം. മാതാപിതാക്കൾ മക്കളോടൊപ്പമാണ് പ്രാർഥനയ്ക്കായി വരേണ്ടത്. സന്യാസ ഭവനങ്ങളിലെ അംഗങ്ങൾ ലോകസമാധാനത്തിനും കുടുംബ വിശുദ്ധീകരണത്തിനും വേണ്ടി ബഥാനിയായിൽ എത്തി പ്രാർഥിക്കണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. അടുത്തുള്ള ഇടവകകളിൽ നിന്നും

പരിഹാരപ്രദക്ഷിണത്തോടെ ഭക്തജനങ്ങൾ ഈ ജപമാലയജ്ഞത്തിൽ സംബന്ധിക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ അതിനാവശ്യമായ നേതൃത്വം നല്കണമെന്ന് അഭ്യർഥിക്കുന്നു. പൊതുനിയോഗങ്ങളോടൊപ്പം വ്യക്തിപരമായ നിയോഗങ്ങളും അഖണ്ഡ ജപമാലയിൽ സമർപ്പിച്ച് പ്രാർഥിക്കാം.

'ദൈവമാതാവ് സ്വർഗത്തിലേക്കുള്ള ഗോവണി ആണ്. ഈ ഗോവണി വഴി ദൈവം ഇറങ്ങി വന്നതു മനുഷ്യർ മറിയം വഴി സ്വർഗത്തിലേക്ക് കയറി പോകുവാനാണ്': സഭാപിതാവായ വി. അമ്പ്രോസിന്റെ ഈ വാക്കുകൾ പരിശുദ്ധ അമ്മയുടെ സഹായം തേടാൻ നമുക്ക് സഹായകമാകട്ടെ.

ജപമാല റാണിയായ പരിശുദ്ധ കന്യകാമറിയവും തിരുക്കുടുംബത്തിന്റെ സംരക്ഷകനായ വി. യൗസേപ്പും ദൈവമാതാവിന്റെ ഹൃദയവ്യഥകളെപ്പറ്റി ജീവിതംമുഴുവൻ ധ്യാനിച്ച വി.അൽഫോൻസയും നമ്മുടെ രൂപതയുടെ ജപമാല സമർപ്പണം ദൈവാനുഗ്രഹപ്രദമാകാൻ സഹായകമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+Remigius

✠ **റെമിജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*